


**ഡോ. പി.എ . മുഹമ്മദ് കുഞ്ഞ്**

പ്രൊഫെസർ ആന്റ് ഹെഡ്
പീഡിയാട്രിക് ന്യൂറോളജി,
മെഡിക്കൽ കോളജ്
തിരുവനന്തപുരം

email: drpamkunju@gmail.com


# പഠന പിന്നോക്കാവസ്ഥയും മറ്റു ബുദ്ധി വളർച്ചാ പ്രശ്നങ്ങളും

പഠിക്കുക !! നല്ലൊരു ഭാവി പടുത്തുയർത്തുക !! ഏതൊരു കുട്ടിയുടെയും ലക്ഷ്യവും സ്വപ്നവുമാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ അധ്യാപകരുടെയും മാതാപിതാക്കളുടെയും ദുഃസ്വപ്നവും. പഠന പിന്നോക്കാവസ്ഥക്കു കാരണങ്ങൾ പലതാണ്. (പട്ടിക നോക്കുക)



## പഠനത്തിലെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ

1. പഠനവൈകല്യങ്ങൾ ( Learning Disability)
2. ബുദ്ധിപരമായ വളർച്ചാക്കുറവ് (Intellectual disability)
3. അശ്രദ്ധയും അമിത ബഹളവും (ADHD)
4. സാമൂഹ്യ വികലതകൾ (ഓട്ടിസം)
5. കായിക ക്ഷമതക്കുറവ് (സെറിബ്രൽ പാൽസിയും മറ്റു ചലന വൈകല്യങ്ങളും)
6. കാഴ്ച കേൾവി തകരാറുകൾ
7. സംസാര വൈകല്യങ്ങൾ
8. വിദ്യാലയ ഗാർഹിക സാമൂഹിക പ്രശ്നങ്ങൾ
9. മാനസിക പ്രശ്നങ്ങൾ

പഠനത്തിൽ പിന്നോക്കം നിൽക്കുന്നു എന്ന് സംശയം തോന്നിയാൽ **അന്ധത, കാഴ്ചാവൈകല്യം, ബധിരത** എന്നിവയാണ് ആദ്യം പരിശോധിക്കേണ്ടത്.

അധ്യാപകൻ പറയുന്നത് കാണാതെയും കേൾക്കാതെയും പഠനത്തിൽ പിന്നിലാകുന്ന പലരുമുണ്ട്. ഇവരെ അധ്യാപകരും മാതാപിതാക്കളും വർഷങ്ങളോളം തിരിച്ചറിയാതിരിക്കുന്നത് അസാധാരണമല്ല.

## ബുദ്ധിപരമായ വളർച്ചാക്കുറവ് (Intellectual disability)

ബുദ്ധിമാന്ദ്യം അഥവാ ബുദ്ധിപരമായ വളർച്ചാക്കുറവ് ( Intellectual disabiltiy) ആണ് കൂടുതലും കുട്ടികൾക്ക് പാഠ്യവിഷയങ്ങളിലെ പ്രാവീണ്യക്കുറവിന്റെ കാരണം. ബുദ്ധിമാന്ദ്യം



തലച്ചോർ വളർച്ചയുടെ കുറവുകൊണ്ടാണ് സംഭ വിക്കുന്നത്. പല കാരണ ങ്ങൾ കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ബുദ്ധി യുടെ അളവുകോലായ ഐക്യൂവിന്റെ കുറവ് ബുദ്ധിക്കുറവിന്റെ സൂചന യാണ്.

പഠിക്കുന്നതിലെ കുറവ് മാത്രമല്ല സ്വന്തം കാര്യ ങ്ങൾ നോക്കുന്നതിന്റെ കഴിവ് കുറവുകൂടി ഇത്തരം കുട്ടികൾക്ക് ഉണ്ടായിരിക്കും

## പഠനവൈകല്യം

നന്നായി പഠിക്കുന്നവരെ ബുദ്ധിയുള്ളവരും അല്ലാത്ത വരെ ബുദ്ധിയില്ലാത്തവരും ആയിട്ടാണ് സാധാരണ കണക്കാക്കുന്നത്. എന്നാൽ വാസ്തവം അതല്ല. ശരാ ശരിയോ അതിലധികമോ ബുദ്ധിനിലവാരം ഉണ്ടാ വുകയും എന്നാൽ വായന, എഴുത്ത്, കണക്ക് എന്നിവ യിൽ മികവ് കാണിക്കാതെ ബുദ്ധിമുട്ട് കാണിക്കുകയും ചെയ്താൽ അതിനെ പഠന വൈകല്യം ആയി പരി ഗണിക്കുന്നു.

## മാനസിക പ്രശ്നങ്ങൾ

ചെറിയ കുട്ടികളിലും കൗമാര പ്രായക്കാരിലും മാനസിക പ്രശ്നങ്ങൾ പഠന വൈകല്യ രൂപത്തിൽ പ്രത്യക്ഷപെടാറുണ്ട്. പഠിത്തവും മാർക്കും മാത്രം ശ്രദ്ധിക്കുന്ന അമ്മയോ അച്ഛനോ കുട്ടിയുടെ പെരുമാറ്റ വൈകല്യത്തെ ശ്രദ്ധിക്കാതെ പോകുന്നതി ൽ അത്ഭുതമൊന്നുമില്ല.

മുതിർന്നവരിൽ എന്ന പോലെ കുട്ടികളിലും വിഷാദരോഗം കുറച്ചല്ലാതെ കണ്ടു വരുന്നുണ്ട്. പഠനത്തിലെ താല്പര്യം കുറയാനും ജീവിത വിരക്തി വരെ ഉണ്ടാകാനും വിഷാദരോഗം കാരണമാകാ റുണ്ട്. കൗമാരപ്രായത്തിൽ സൈക്കോസിസ്, മൂഡ് ഡിസോർഡർ (വൈകാരിക വ്യതിയാനങ്ങൾ) എന്നിവ യും പഠന പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്.

അധികബഹളവും അശ്ര ദ്ധയും (അറ്റെൻഷൻ ഡെഫിസി ഹൈപ്പർ ആക്ടി





വിറ്റി ഡിസോർഡർ), സാമൂ ഹ്യമായ ഒറ്റപ്പെടലും, സംസാര ശേഷിക്കുറവും (ഓട്ടിസം) എന്നിവയും പഠന വൈകല്യമായി കാണാം.

## സംസാരശേഷിക്കുറവ്, പഠനവൈകല്യത്തിന്റെ ആദ്യ സൂചന

പഠന വൈകല്യം ഉള്ള പല കുട്ടികളും സംസാരി ക്കാൻ താമസിച്ചവരായി കണ്ടിട്ടുണ്ട്. 2 വയസ്സിനകം വാചകത്തിൽ സംസാരി ക്കാൻ കഴിവുമുണ്ടാകാത്ത കുട്ടികളിലാണ് പിൽക്കാ ലത്തു പഠനവൈകല്യം കണ്ടിട്ടുള്ളത്.

## ജനിതക തകരാറുകളും ബുദ്ധി വളർച്ചക്കുറവും

ക്രോമോസോമുകളുടെ തകരാറുകൾ പലവിധ ത്തിലും ബുദ്ധിവളർച്ചയെ ബാധിക്കും.

സാധാരണയായ ഡൗൺ സിൻഡ്രോം മുതൽ എക്സ് ക്രോമോസോമിലെ തകരാർ കൊണ്ടുണ്ടാകുന്ന ഫ്രെജൈ ൽ എക്സ്സിൻഡ്രോം വരെ പലതരത്തിലുള്ള ബുദ്ധി വളർച്ചാ പ്രശ്നങ്ങളു ണ്ടാക്കാം. ഇത്തരം നിർണ യിക്കപ്പെടാവുന്ന അസു ഖങ്ങളില്ലാത്തവർക്കും ചെറിയതോതിലുള്ള ജനിതക തകരാറുകൾ കൊണ്ട് പഠനവൈകല്യം ഉണ്ടാകാം.

# പഠന വൈകല്യങ്ങൾ (Learning Disability)

'അവൾ പാഠങ്ങൾ എല്ലാം പഠിച്ച് എന്നെ പറഞ്ഞു കേൾപ്പിച്ചിട്ടാണ് പോകുന്നത്. പക്ഷെ പരീക്ഷ പേപ്പറിൽ ഒന്നും കാണാറില്ല. അതുകൊണ്ടുതന്നെ അവൾക്കു മാർക്ക് ഒന്നും കിട്ടുന്നില്ല. 'കുട്ടികളും മാതാപിതാക്കളും സ്വയം പഴിക്കുന്ന സാധാരണ അവസ്ഥ ആണിത്. വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അറിയാവുന്ന ഒരു സാധാരണ പ്രശ്നവുമാണിത്. പഠനവൈകല്യത്തിന്റെ അവാന്തര വിഭാഗമായ രചനാവൈകല്യമാണ് പഠിച്ച കാര്യങ്ങൾ എഴുതിഫലിപ്പിക്കാൻ സാധിക്കാത്തത്. ഇവർക്ക് ഉത്തരം എളുപ്പത്തിൽ പറയാൻ സാധിക്കും.



സ്കൂൾ വിദ്യാർഥികളിൽ 10 ശതമാനത്തോളം പേർ പഠനസംബന്ധമായ പ്രശ്നങ്ങളുള്ളവരാണ്. എന്നാൽ, ഇത്തരം കുട്ടികളെല്ലാം ബുദ്ധിമാന്ദ്യമുള്ളവരല്ല. ഇവരിൽ പലരും അതിബുദ്ധിമാന്മാരുമായിരിക്കും.

ശരാശരിയോ അതിലധികമോ ബുദ്ധി നിലവാരം ഉണ്ടാവുകയും എന്നാൽ വായന എഴുത്ത് കണക്ക് എന്നിവയിൽ മികവ് കാണിക്കാതെ ബുദ്ധിമുട്ട് കാണിക്കുകയും ചെയ്താൽ അതിനെ പഠനവൈകല്യം ആയി പരിഗണിക്കുന്നു.

## പഠന വൈകല്യത്തിന്റെ നിർവ്വചനം

പ്രത്യേകമായ പഠന വൈകല്യം എന്നാൽ  പറയപ്പെട്ടതോ എഴുതപ്പെട്ടതോ ആയ ഭാഷ മനസിലാക്കുന്നതും, പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട അടിസ്ഥാന മനശാസ്ത്ര പ്രക്രിയകളിൽ ഒന്നിനോ ഒന്നിൽ കൂടുതലിനോ ഉണ്ടാകുന്നതുമായ തകരാറാണ്. ഇത് ശ്രദ്ധിച്ചു കേൾക്കൽ, സംസാരിക്കൽ, വായിക്കൽ, അക്ഷരവിന്യാസം, കണക്ക് ചെയ്യൽ എന്നിവയ്ക്കുള്ള കഴിവ് കുറവായി പ്രത്യക്ഷപ്പെട്ടേക്കാം.

അധ്യാപകരും മാതാപിതാക്കളും പഠനവൈകല്യം മനസ്സിലാക്കാതെ ശകാരിക്കുന്നത് കാരണം ഇങ്ങനെയുള്ള കുട്ടികൾ കടുത്തമാനസിക സംഘർഷം അനുഭവിക്കേണ്ടതായി വരുന്നു. കഴിയുന്നത്ര നേരത്തെ പഠനവൈകല്യം കണ്ടെത്തേണ്ടതുണ്ട്. ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി ശാസ്ത്രീയമായ പരിഹാര മാർഗങ്ങൾ നൽകിയാൽ പഠനവൈകല്യങ്ങൾ മാറ്റിയെടുക്കാനാകും. അത് കുട്ടിയിൽ ആത്മവിശ്വാസം വളർത്തുകയും രക്ഷകർത്താക്കൾക്ക് ആശ്വാസം നൽകുകയും അധ്യാപകരുടെ ജോലി സുഗമമാക്കുകയും ചെയ്യും.

പലപ്പോഴും കുട്ടിക്ക് പഠന വൈകല്യം ഉണ്ടോ എന്ന് ആദ്യം കണ്ടുപിടിക്കാൻ സാധിക്കുന്നത് അധ്യാപകർക്കാണ്. പഠന സംബന്ധം അല്ലാത്ത കാര്യങ്ങളിൽ മികവ് കാണിക്കുകയും വായന, എഴുത്ത്, കണക്ക് എന്നിവ പഠിക്കുവാനായി പ്രയാസപ്പെടുകയും ചെയ്യുന്ന ഒരു

കുട്ടിയെ വേഗത്തിൽ തിരിച്ചറിയാൻ ഒരു അധ്യാപകന് സാധിക്കും

**പഠന വൈകല്യങ്ങളെ പൊതുവെ മൂന്നായി തിരിക്കാം**

1. വായനാ വൈകല്യം (Dyslexia)
2. രചനാ വൈകല്യം (Dysgraphia)
3. ഗണിത ശാസ്ത്ര വൈകല്യം (Dyscalculia)

മനുഷ്യ ശരീരത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന മസ്തിഷ്ക കോശങ്ങളിലെ ചില അസ്വാഭാവികതയാണ് ഈ വൈകല്യങ്ങൾക്ക് കാരണം.

ജനിതകപരവും പാരമ്പര്യവുമായി മസ്തിഷ്ക വളർച്ചയിലുണ്ടാകുന്ന വ്യതിയാനങ്ങളും ഇതിനു കാരണമാകാറുണ്ട്.

- നാമവൈകല്യം (പേര് പറയാനും ഓർക്കാനുമുള്ള ബുദ്ധിമുട്ട്)
- പെരുമാറ്റവൈകല്യങ്ങളും ശ്രദ്ധാവൈകല്യങ്ങളും എന്നിവയും ഇത്തരം കുട്ടികളിൽ കാണാറുണ്ട്.

## ഡിസ്ലെക്സിയ (വായനാവൈകല്യം)

- അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും അക്ഷരങ്ങളെ ചേർത്ത് വാക്കുകളാക്കുന്നതിനുമുള്ള ബുദ്ധിമുട്ടുള്ളവരെ ഡിസ്ലെക്സിയ അഥവാ വായനാ വൈകല്യം ഉള്ളവരെന്നു പറയാം.
- അക്ഷരങ്ങൾ വിട്ടുപോവുക, കൂട്ടിച്ചേർക്കുക, ചിഹ്നങ്ങൾ മനസിലാക്കാൻ കഴിയാതിരിക്കുക, ചില വാക്കുകൾക്ക് പകരമായി ഊഹിച്ച് സാമ്യമുള്ള മറ്റുവാക്കുകൾ ഉച്ചരിക്കുക (പന - പാറ്റ). ആദ്യത്തെ അക്ഷരം മാത്രം കണ്ട് ഊഹിച്ച് വായിക്കുക എന്നിവയാണ് ലക്ഷണങ്ങൾ
- വായനാ വൈകല്യമുള്ള കുട്ടികൾ വായിക്കുവാൻ വിമുഖത കാണിക്കും
- തപ്പി തടഞ്ഞു നിർത്താതെ തുടർച്ചയായി വായിക്കുക
- ചില വാക്കുകൾ ഉച്ചരിക്കാതെ വിടുക, അക്ഷരങ്ങൾ തിരിച്ചു വായിക്കുക.

**ഉദാ:** തറ, റത എന്നിവയാണ് മറ്റു ലക്ഷണങ്ങൾ

എഴുതുന്നത് പോലെയല്ലാത്ത ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുമ്പോൾ കൂടുതൽ വിഷമം അനുഭവപ്പെടാം.

ഒരേ അക്ഷരത്തിന്റെ ഉച്ചാരണ വ്യതിയാനങ്ങൾ മനസിലാക്കാൻ ഇവർ വളരെ ബുദ്ധിമുട്ടും

ഇവർക്ക് വായിച്ചു മനസ്സിലാക്കുന്നതിനേക്കാൾ കേട്ടു മനസ്സിലാക്കാനായിരിക്കും താല്പര്യം.

വായന വൈകല്യമുണ്ടെന്നു കണ്ടാൽ കേട്ടു മനസ്സിലാക്കുന്നതിനുള്ള അവസരങ്ങളുണ്ടാകുക.

ക്ലാസ് റെക്കാർഡ് ചെയ്യുന്നതിനും വീട്ടിലിരുന്നു കേൾക്കുന്നതിനും സൗകര്യമുണ്ടാക്കുക. പോയിന്റുകൾ മാത്രം എഴുതി നല്കിയിട്ടു ഉറക്കെ വായിക്കാൻ അവസര



മൊരുക്കുക. സംഘം ചേർന്നുള്ള വായനയും പഠനവും പ്രോത്സാഹിപ്പിക്കുക

സ്കൂൾ അധികൃതർ ഇവരുടെ പരീക്ഷാ സമയത്തു ചോദ്യം വായിച്ചു കൊടുക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

# ഡിസ്ഗ്രാഫിയ (രചനാവൈകല്യം)





പാഠങ്ങൾ പറഞ്ഞുകേൾപ്പിക്കും എഴുത്തുപരീക്ഷയിൽ തോൽക്കും.

എത്ര നിർബന്ധിച്ചാലും എഴുതാനിരിക്കില്ല. വികലമായ രീതിയിൽ പേനപിടിക്കും, തെറ്റുകളോടെയും സാവധാനത്തിലും എഴുതും ഇവയൊക്കെക്കണ്ടാൽ **ഡിസ്ഗ്രാഫിയ (രചനാവൈകല്യം)** ഉണ്ടെന്നു സംശയിക്കണം,

വരികൾചരിഞ്ഞും അകലം തെറ്റിയും ഇരിക്കുക, ചിഹ്നങ്ങൾ ഇടാതിരിക്കുക, വലിയക്ഷരങ്ങൾ, ദീർഘം, വള്ളി എന്നിവ വിട്ടുപോവുക, അറിയാവുന്ന വാക്കുകൾ കുറവായതുകൊണ്ട് എഴുതുമ്പോൾ അനുയോജ്യവാക്കുകൾ കിട്ടാതിരിക്കുക. എഴുതുക എന്നത് തന്നെ വൈമുഖ്യമായ പ്രവൃത്തി ആവുക എന്നിവയെല്ലാം ലക്ഷണങ്ങൾ ആണ്. ചിലർക്ക് അക്ഷരങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടായിരിക്കും. അക്ഷരങ്ങളും വാക്കുകളുമെല്ലാം പരസ്പരം മാറിപ്പോകും. ചിലർ സ്വന്തമായി പറയുന്നതുപോലെ തന്നെ എഴുതും.(ഇഗ്ലീഷ് എഴുതുമ്പോഴാണ് ഇത് കൂടുതൽ കാണുന്നത്)

ഇവർക്ക് വായിക്കാൻ ബുദ്ധിമുട്ടില്ലാത്തതിനാൽ പാഠഭാഗങ്ങൾ പെട്ടെന്ന് പഠിക്കാൻ സാധിക്കും. പക്ഷെ ഉത്തരങ്ങൾ എഴുതി ഫലിപ്പിക്കാൻ സാധിക്കാത്തതിനാൽ മാർക്ക് ലഭിക്കില്ല. അധ്യാപകരുമായി ചർച്ചചെയ്തു വാചാപരീക്ഷകൾക്കുള്ള നടപടികളെടുക്കണം.

ഉത്തരങ്ങൾ പോയൻറ് രൂപത്തിൽ എഴുതുന്നതിനും, അക്ഷരത്തെറ്റുകൾ കണക്കിലെടുക്കാതെ നല്ലമാർക്കുകൾ നൽകുന്നതിനുള്ള നടപടികളെടുക്കണം.



# ഡിസ്കാൽക്കുലിയ (ഗണിതവൈകല്യം)

## സംഖ്യാ ബോധത്തിലുള്ള പ്രശ്നം

നമ്പറുകൾ, ഗണിത ചിഹ്നങ്ങൾ, ഗുണനപട്ടികകൾ മുതലായവ മനസിലാക്കാനും ഓർത്തുവയ്ക്കാനും ഇവർക്ക് കഴിയില്ല. നമ്പറുകളും അതിന്റെ മൂല്യവും മനസ്സിലാക്കാൻ ഇവർ വളരെ വിഷമിക്കും. 1, 2, 3 എന്ന് കാണാതെ എണ്ണുമെങ്കിലും അക്കങ്ങളുടെ മൂല്യം മനസ്സിലാക്കിയല്ലായിരിക്കും അവർ എണ്ണുന്നത്.

സംഖ്യകളിൽ അക്കങ്ങളുടെ സ്ഥാനവും അതിന്റെ മൂല്യവും അതുപോലെ തന്നെ മനസ്സിലാക്കാൻ ബുദ്ധിമുട്ടും. സംഖ്യകൾ തലതിരിച്ചായിരിക്കും വായിക്കുക. സമയം നോക്കാനും കലണ്ടറുകൾ ഉപയോഗിക്കാനും ബുദ്ധിമുട്ടും.

കണക്കു ചെയ്യുമ്പോൾ ശിഷ്ടംകൂട്ടാൻ മറന്നുപോവുക, ചെയ്തു കഴിഞ്ഞതു എടുത്തെഴുതുമ്പോൾ തിരിഞ്ഞുപോവുക എന്നിങ്ങനെയും സംഭവിക്കാം. മുതിർന്ന ക്ളാസ്സുകളിൽ പദ ക്രിയകൾ ചെയ്യുന്നതിനും വഴിക്കണക്കുകൾ മനസ്സിലാക്കാനും വളരെ പണിപ്പെടും




ഗണിത വൈകല്യമുള്ള കുട്ടികൾ കണക്കു ചെയ്യുന്നതിന് കൈ വിരലുകളോ കാൽകുലേറ്ററോ ഉപയോഗിക്കാൻ അനുവദിക്കണം .

കണക്കിന്റെ അടിസ്ഥാനം മനസ്സിലാക്കാൻ വീട്ടിലെ വസ്തുക്കൾ തന്നെ ഉപയോഗിക്കുക, നിത്യോപയോഗ സാധനങ്ങൾ തന്നെ പഠനഭാഗമാക്കി മാറ്റുക.ഉദാഹരണത്തിന് അടുക്കളയിൽ വരുന്ന കുട്ടിയോട് 5 ഉള്ളി എടുത്ത്കൊണ്ടുവരാൻ ആവശ്യപ്പെടുക. അങ്ങനെ അവൻ അഞ്ച് എന്ന് മനസിലാക്കും.

അമ്മക്ക് അഞ്ചല്ല 8 ആണ് വേണ്ടത് എന്ന് പറയാം. അതിനായി 3 കൂടി കൊണ്ടു വരാൻ പറയാം.

കൊണ്ടു വന്നതിനു ശേഷം എടുത്തു വെച്ചു എണ്ണി കാണിക്കുക. അങ്ങിനെ കൂട്ടുക എന്ന തത്വം അവൻ മനസിലാക്കും. ഇത് പല തവണ ആവർത്തിക്കുമ്പോൾ ഗണിത തത്വങ്ങൾ മനസിലാക്കുക മാത്രമല്ല കണക്കിന്റെ ആവശ്യകതയും കുട്ടി മനസിലാക്കും.



# അമിതവികൃതിയും അശ്രദ്ധയും (ADHD)



അശ്രദ്ധ, അമിതവികൃതി വരും വരായ്ക നോക്കാതെയുള്ള എടുത്തു ചാട്ടം എന്നീ മൂന്നു കാര്യങ്ങൾ ചേർന്ന മാനസിക പ്രശ്നമാണ് അറ്റെൻഷൻ ഡെഫിസിറ് ഹൈപ്പർ ആക്ടിവിറ്റി ഡിസോഡർ (Attention deficit hyperactivity disorder /ADHD) .

### 1. അശ്രദ്ധ

വളരെ വേഗം അസ്വസ്ഥനാകുക, ഒരു കാര്യത്തിലും ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാത്ത അവസ്ഥ, പുതിയ കാര്യങ്ങൾ പഠിക്കുന്നതിനോ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പൂർത്തിയാക്കുന്നതിനോ കഴിയാതെ വരിക, ഒന്നിലധികം കാര്യങ്ങൾ അടങ്ങിയ നിർദേശങ്ങൾ ചെയ്തു തീർക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുക,

### 2. എടുത്തുചാട്ടം

ഒരുകാര്യത്തിനും ക്ഷമയില്ലാത്ത അവസ്ഥ, വരും വരായ്കളെകുറിച്ച് ചിന്തിക്കാതെ എടുത്തു ചാടുന്ന സ്വഭാവം, വിട്ടുവീഴ്ച മനോഭാവം കുറവ്, ആഗ്രഹിച്ച കാര്യങ്ങൾ ഉടൻ നേടിയെടുക്കണമെന്ന നിർബന്ധം,

### 3. അമിതവികൃതി

അടങ്ങിയിരിക്കാത്ത പ്രകൃതം, ഞെളിപിരി കൊള്ളുക, നിർത്താതെയുള്ള സംസാരം, ശാന്തമായി ഇരുന്ന് ജോലി ചെയ്യാൻ കഴിയാതെ വരിക

ഈ പ്രശ്നമുള്ള കുട്ടികളും പഠന പിന്നോക്കാവസ്ഥ ഉള്ളവരായിരിക്കും. പാഠഭാഗങ്ങളിലും മറ്റു പ്രവർത്തികളിലും അശ്രദ്ധരായതിനാൽ എല്ലാക്കാര്യങ്ങളിലും മുന്നേറുന്നതിനു പലതടസ്സങ്ങളും നേരിടും .

ADHD ചികിത്സകളെല്ലാം ഊന്നൽ നൽകുന്നത് രോഗ ലക്ഷണങ്ങളുടെ തീവ്രത ലഘൂകരിക്കുന്നതിലും കുട്ടിയുടെ ജീവിത നിലവാരവും പഠനമികവും മെച്ചപ്പെടുത്തുന്നതിലുമാണ്.

രോഗ നിർണയത്തിലും ചികിത്സ ആരംഭിക്കുന്നതിലും വരുന്ന കാല താമസം പഠന നിലവാരത്തിലെ തകർച്ച, പെരുമാറ്റ വൈകല്യങ്ങൾ, അച്ചടക്ക ലംഘനത്തിനുള്ള പ്രവണത, ആത്മ വിശ്വാസക്കുറവ്, വിഷാദരോഗം പോലുള്ള മാനസിക പ്രശ്നങ്ങൾ, പരിക്കുകൾ, അപകടങ്ങൾ തുടങ്ങിയവക്കു കാരണമാവാറുണ്ട്.

ചികിത്സ കിട്ടാത്ത കുട്ടികൾക്ക് കുടുംബ ബന്ധങ്ങൾ നിലനിർത്തുവാനും, കൂട്ടുകെട്ടുകൾ വളർത്തിയെടുക്കുവാനും, സാമൂഹ്യ മര്യാദകൾ പഠിച്ചെടുക്കുവാനും കൂടുതൽ പ്രയാസം നേരിടാറുണ്ട്. എ.ഡി.എച്ച്.ഡി.യുടെ ലക്ഷണങ്ങളുമായി വളർന്നു വരുന്നവരിൽ പ്രായപൂർത്തിയെത്തുന്നതിനു മുമ്പേയുള്ള, അമിതമദ്യപാനം, ലഹരി മരുന്നുകളുടെ ഉപയോഗം, ജോലി ലഭിക്കുന്നതിലും നില നിർത്തുന്നതിലുമുള്ള ബുദ്ധിമുട്ടുകള്, നിയമ ലംഘനത്തിനുള്ള പ്രവണത, അക്രമവാസന തുടങ്ങിയവ കൂടുതലായി കണ്ടുവരാറുണ്ട്



# രക്ഷിതാക്കളും അധ്യാപകരും എന്തൊക്കെയാണ് ചെയ്യേണ്ടത്

1. പഠന വൈകല്യമുള്ള കുട്ടികളെ ഒരിക്കലും അതിൻെറ പേരിൽ ശിക്ഷിക്കരുത്. ക്ഷമയോടെ അവന്റെ കുറവുകളെ നേരിടുക. കുറ്റപ്പെടുത്താതിരിക്കുക ചെറിയതെങ്കിലും മികവുകളെ പ്രോത്സാഹിപ്പിക്കുക. മാനസിക ധൈര്യം കൊടുക്കുക
2. ദിനചര്യകൾ സമയക്രമം നിശ്ചയിച്ച് അത് ചെയ്യാൻ കുട്ടികളെ പ്രേരിപ്പിക്കണം
3. കുട്ടിക്ക് അനുയോജ്യമായ പഠന രീതി കണ്ടെത്തുക. ഗൃഹപാഠം ആണോ, കണ്ടുപഠിക്കൽ ആണോ, കേട്ട് പഠിക്കൽ ആണോ യോജിച്ചതെന്ന് നിരീക്ഷിച്ച് മനസിലാക്കുക
4. എല്ലാം എഴുതി പഠിക്കാൻ പറയുന്നതിനു പകരം ചോദ്യങ്ങളിലൂടെയും ദൈനംദിന ജീവിതത്തിൽ കാണുന്ന അനുഭവ പാഠങ്ങളിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കാൻ പരിശീലിപ്പിക്കുക
5. ചില കുട്ടികൾക്ക് സമയത്തെക്കുറിച്ചുള്ള ധാരണ കുറവായിരിക്കും. അവരെ സമയബന്ധിതമായി കാര്യങ്ങൾ ചെയ്തു തീർക്കാൻ പരിശീലിപ്പിക്കുക
6. കാര്യങ്ങൾ ഗ്രഹിക്കാൻ പ്രയാസമുള്ള കുട്ടികൾക്ക് അവരുടെ മറ്റ് ഇന്ദ്രിയങ്ങളെകൂടി ഉദ്ദീപിപ്പിക്കുന്ന തരത്തിൽ പഠിപ്പിക്കുവാൻ ശ്രമിക്കുക. ഇതിനായി പ്ലക്കാർഡുകളും ചിത്രങ്ങളോ വീഡിയോയോ ഉപയോഗിക്കാവുന്നതാണ്.
7. ഒരേ സമയം പല നിർദ്ദേശങ്ങൾ കുട്ടിക്ക് നൽകാതിരിക്കുക. ചെറുതും ലളിതവുമായ നിർദ്ദേശങ്ങൾ നൽകുക
8. ഒരു കാരണവശാലും മറ്റുള്ളവരുടെ മുന്നിൽ വച്ച് അവരെ താരതമ്യം ചെയ്ത് സംസാരിക്കാതിരിക്കുക. അങ്ങനെ ചെയ്താൽ അത് വൈകല്യമുള്ള കുട്ടികളുടെ ആത്മവിശ്വാസം കെടുത്തുകയും ചെയ്യും.





9. ഏൽപിച്ച ജോലികൾ പ്രതീക്ഷിച്ച സമയത്ത്  കുട്ടിക്ക് ചെയ്തു തീർക്കാൻ സാധിക്കാതെ വന്നാൽ അവനെ വഴക്ക് പറയുകയും കുറ്റപ്പെടുത്തുകയും ചെയ്യാതിരിക്കുക
10. കുട്ടിയുടെ താൽപര്യങ്ങളും അഭിരുചിയും അനുഭവങ്ങളും അവരുടെ പഠനത്തിൽ ഉൾപ്പെടുത്തുക

പഠന വൈകല്യത്തെ നേരത്തെ കണ്ടുപിടിക്കുകയും ആവശ്യമായ പരിഹാരങ്ങൾ ശ്രമിക്കുകയും ചെയ്താൽ വലിയ പരിധി വരെ അതിനെ മറി കടക്കാനും വൈകല്യമുള്ളവരെ ഉയർത്തിക്കൊണ്ടുവരാനും സാധിക്കും.

# പഠനവൈകല്യം സ്കൂൾ അധ്യാപകർ സജ്ജം






**കേരളത്തിലെ** ശിശുരോഗ വിദഗ്ദ്ധരുടെ സംഘടന യായ IAP (Indian Academy of Pediatrics) ഒരു മഹായജ്ഞ ത്തിലാണ്. സംസ്ഥാനത്തെ ലക്ഷക്കണക്കിനു വരുന്ന അധ്യാപകർക്ക്, പഠന പിന്നോക്കാവസ്ഥയുടെ മെഡിക്കൽ വശങ്ങളും, പഠനവൈകല്യം നേരത്തെ കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനുള്ള പരിശീലനങ്ങളും നൽകുന്ന ദൗത്യമാണത്.

വേനലവധിക്കാലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ അധ്യാപക പരിശീലന



പരിപാടിയുടെ ഭാഗമായാണ് IAP അവരുടെ പഠനവൈ കല്യ പരിഹാര ക്ലാസ്സുകളും നടത്തിയത്. 1200-ൽ കൂടു തൽ കേന്ദ്രങ്ങളിൽ, കേരള ത്തിലെ മുഴുവൻ ഗവണ്മെന്റ് സ്കൂൾ അധ്യാപകർക്ക് പരിശീലനം നൽകി. ശിശുരോഗ ഡോക്ടർമാർ നേരിട്ട്, ക്ലാസ്സെടുത്ത് സംശയ ദൂരീകരണം നിർവഹിക്കുകയായിരുന്നു. IAP യുടെ ഓരോ ജില്ലാ ഘടകവും, 100-ൽ കൂടുതൽ സ്ഥലങ്ങളിൽ പരിശീലനം നൽകുകയുണ്ടായി. പഠന പിന്നോക്കാവസ്ഥ രക്ഷിതാ







ക്കളുടെ ശ്രദ്ധക്കുറവുകൊണ്ടോ, ചീത്ത കൂട്ടുകെട്ടുകൊണ്ടോ മാത്രം ഉണ്ടാകുന്നതല്ലെന്ന്, കൃത്യമായ പരിശോധനയിലൂടെയും, കാരണങ്ങൾ കണ്ടെത്തേണ്ടതാണെന്നും, അധ്യാപകരെ ഈ പരിപാടിയിലൂടെ ബോധ്യപ്പെടുത്താൻ സാധിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ.പി.എ. മുഹമ്മദ്കുഞ്ഞ്, സെക്രട്ടറി ഡോ.ഐ. റിയാസ് എന്നിവരാണ്








വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ ഇതിന് നേതൃത്വം നൽകിയത്.

ഡോക്ടർമാർ നേരിട്ട് സംശയദൂരീകരണത്തിന് തങ്ങളുടെ ട്രെയിനിംഗ് കേന്ദ്രങ്ങളിൽ എത്തി പരിശീലന പരിപാടിയിൽ പങ്കെടുത്തത് അധ്യാപകർക്കും അതിയായ സന്തോഷം നൽകി.

ഈ അധ്യയന വർഷം പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തി, പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും IAP പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.